# കേരളസർവകലാശാല

നം.പി.ആർ.225/2022

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ഒക്ടോബർ 19, 20 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി ഓൺലൈൻ പരീക്ഷ (2019 സ്കീം – റെഗുലർ/ സപ്ലിമെന്ററി, 2015 സ്കീം – സപ്ലിമെന്ററി/മേഴ്സിചാൻസ്) 2022 ഒക്ടോബർ 28, 29 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ഒക്ടോബർ 28 ന് പ്രസ്തുത പരീക്ഷ രാവിലെ 9 30 മുതലും ഒക്ടോബർ 29 ന് പരീക്ഷ രാവിലെ 10.30 മുതലും ആരംഭിക്കുന്നതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ആഗസ്റ്റ് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241) പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ പരീക്ഷ 2022 നവംബർ 8 മുതൽ അതാത് പരീക്ഷ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സർവകലാശാല നടത്തുന്ന അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ പരീക്ഷ (APGDEC – നവംബർ 2022) 2022 നവംബർ 7 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷഫലം

കേരളസർവകലാശാല 2022 ആഗസ്റ്റ് മാസം നടത്തിയ എം.ഫിൽ ആർക്കിയോളജി, തമിഴ് 2020–2021 ബാച്ച് (സി.എസ്.എസ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം വഴി നടത്തുന്ന മൂന്നും നാലും സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം നവംബർ 2022 (എസ്.ഡി.ഇ – 2017 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. പിഴ കൂടാതെ 2022 നവംബർ 10 വരെയും 150 രൂപ പിഴയോടെ നവംബർ 14 വരെയും 400 രൂപ പിഴയോടെ നവംബർ 16 വരെയും ഓൺലൈനായി അപേക്ഷിക്കാം. നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ഡിസംബർ മാസം ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (2020 അഡ്മിഷൻ റെഗുലർ, 2018–2019 അഡ്മിഷൻ സപ്ലിമെന്ററി, 2013 മുതൽ 2016 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഒക്ടോബർ 29 വരെയും 150 രൂപ പിഴയോടെ നവംബർ 2 വരെയും 400 രൂപ പിഴയോടെ നവംബർ 4 വരെയും അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂൺ മാസം നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ മ്യൂസിക്/ ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 1 മുതലും 2022 ആഗസ്റ്റ് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 31 മുതലും തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളജിൽ വെച്ച് രാവിലെ 9.30 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീറിംഗ് കോളേജിൽ ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും ബി.ടെക്. കോഴ്സുകളിലെ (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി) ഒഴിവുള്ള ലാറ്ററൽ എൻട്രി സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷനും ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനും (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി) 2022 ഒക്ടോബർ 27 മുതൽ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് www.ucek.in സന്ദർശിക്കുക. ഫോൺ:9037119776, 9388011160, 9447125125

തിരുവനന്തപുരം,
26.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**